**D1BML2301 (A4)** **(Pages 2)** **Reg. No:…......................**

**Name: …..........................**

**FIRST SEMESTER B.Com. Professional DEGREE EXAMINATION NOVEMBER 2023**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL1A02T: സാഹിത്യ പഠനം 1**

**Time: 3 Hours.** **Maximum Marks: 80**

**ഭാഗം I: ഒറ്റവാക്കിൽ ഉത്തരമെഴുതുക. ഓരോന്നിനും 1 മാർക്ക് വീതം**

1. 'എരവരുടെ ഇതിഹാസം' എന്ന് തുളസീദേവി വിശേഷിപ്പിച്ചതെന്തിനെയാണ് ?
2. സ്വാതിതിരുനാൾ അറിയപ്പെട്ടിരുന്നതെങ്ങനെ?
3. "തത്ത്വമസി" എന്ന കൃതി രചിച്ചതാര് ?
4. മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ നോവലായി കരുതപ്പെടുന്നത് ഏതാണ് ?
5. 'യന്ത്രം' എന്ന കൃതി രചിച്ചതാര് ?
6. "ഗർഭശ്രീമാൻ" എന്ന പേര് കേട്ട മഹാരാജാവ് ആരായിരുന്നു ?
7. ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു എന്ന കൃതി രചിച്ചതാര് ?
8. എം. എൻ. വിജയന്റെ ഏതെങ്കിലും രണ്ട് കൃതികളുടെ പേരെഴുതുക.
9. 'കൊട്ടാരം സേവകർക്ക് രാത്രികാലങ്ങളിൽ രഹസ്യ ഉപദേശം നൽകി രാജാവിനെതിരെ തിരിച്ചുവിട്ടു'. എന്ന ആരോപണം ആർക്കെതിരെയാണ് ?
10. മലയാറ്റൂരിന് കേരളസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ച കൃതി ഏത് ?

**(10 x 1 = 10 മാർക്ക്)**

**ഭാഗം II: 11 മുതൽ 20 വരെയുള്ള ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിനും 2 മാർക്ക് വീതം.**

11. കാർഷിക യന്ത്രങ്ങൾ തടയണമെന്ന് ഉമാദേവി പറയുന്നതെന്തുകൊണ്ട് ?
12. ധർമ്മപാലൻ ഓഫീസിലൂടെ നടക്കുമ്പോൾ മുതുകത്തും കണ്ണ് തുറക്കുന്നു എന്ന് ചിന്തിക്കുന്നത് എന്തുകൊണ്ട് ?
13. റിയലിസം എന്നാൽ എന്ത് ?
14. രാമൻ നായർ തന്റെ നാട്ടിൽ അപ്രസക്തനായത് എങ്ങനെയാണ് ?
15. മതങ്ങൾ കലഹിക്കുന്നു എന്ന് പറയുന്നത് ഒരു ലാക്ഷണിക പ്രയോഗമാണെന്ന് അഴീക്കോട് പറയുന്നതെന്തുകൊണ്ട് ?
16. ആത്മപ്രീത സിദ്ധാന്തത്തിന്റെ അടിസ്ഥാനം എന്ത് ?
17. കാവ്യസൗന്ദര്യത്തിന്റെ സാമാന്യലക്ഷണങ്ങളായി ആലങ്കാരികന്മാർ കാണുന്നതെന്തിനെയെല്ലാമാണ് ?

**(തുടർച്ച....2)**

18. മലയാളം ചെറുകഥയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തുക.

19. "ചതിക്കപ്പെട്ടതുപോലെ ഞാൻ നിന്നിടത്ത് നിന്ന് പിടഞ്ഞു" ആര് ? എന്തുകൊണ്ട് ?

20. മലയാളത്തിൽ കീർത്തനങ്ങൾ എഴുതാത്തതിനെ കുറിച്ച് സ്വാതിതിരുനാളിനോട് ചോദിച്ചപ്പോൾ അദ്ദേഹം നൽകിയ മറുപടി എന്തായിരുന്നു ?

**(8 x 2 = 16 മാർക്ക്)**

## ഭാഗം III: 21 മുതൽ 28 വരെയുള്ള ഏതെങ്കിലും 6 ചോദ്യങ്ങൾക്ക ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 4 മാർക്ക് വീതം.

21. കുണ്ടെ ഹബ്ബ എന്നാലെന്ത് ?
22. നിരൂപകൻ അടിമയായി മാറുന്നതെങ്ങനെ?
23. ഹാസ്യത്തിന്റെ ആഖ്യാനം സൂചിമുഖിയെ മുൻനിർത്തി വിശദീകരിക്കുക.
24. റിയലിസത്തിന്റെ സവിശേഷതകൾ എം. സുകുമാരന്റെ കഥയിൽ അനാവൃതമാകുന്നതെങ്ങനെ?
25. "പലതരത്തിൽ പല സ്ഥലങ്ങളിൽ ഞാൻ ആത്മഹത്യ ചെയ്തു കൊണ്ടേയിരുന്നു" പ്രസ്താവനയിലൂടെ നോവലിസ്റ്റ് വിരൽ ചൂണ്ടുന്നത് എവിടേയ്ക്കാണ്?
26. മുത്ത് സ്വാമി ദീക്ഷിതരെക്കുറിച്ച് സ്വാതി തിരുനാളിന്റെ മനോഭാവം എന്തായിരുന്നു ?
27. ശ്രീനാരായണ ഗുരുവിന്റെ മതദർശനത്തെ അഴീക്കോട് വിലയിരുത്തുന്നത് എങ്ങനെ ?
28. മനുഷ്യ മനസ്സിന്റെ നിഗൂഢതകളെ മാനസി ആഖ്യാനതന്ത്രം ആക്കി മാറ്റുന്നത് എങ്ങനെ ?

**(6 x 4 = 24 മാർക്ക്)**

## ഭാഗം IV: 29 മുതൽ 31 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 15 മാർക്ക് വീതം.

29. പാർശ്വവൽക്കരിക്കപ്പെടുന്നവരുടെ ജീവിതം ആവിഷ്കരിക്കുകയാണ് ജയമോഹന്റെ 'നൂറ് സിംഹാസനങ്ങൾ' എന്ന നോവൽ - പ്രസ്താവനയുടെ സാംഗത്യം പരിശോധിച്ച് ഉപന്യാസം തയ്യാറാക്കുക.
30. യാത്ര ഒരനുഭവമായി മാറുന്നതിന്റെ സവിശേഷതകൾ എൻ. പ്രഭാകരന്റെ കുടക് യാത്രകളെ മുൻനിർത്തി വിലയിരുത്തുക.
31. 'മതവും മതങ്ങളും' എന്ന ലേഖനത്തിൽ സുകുമാർ അഴീക്കോട് ഉന്നയിക്കുന്ന പരാമർശങ്ങൾ വിശദമാക്കുക.

**(2 x 15 = 30 മാർക്ക്)**